# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ - ജീവനക്കാര്യം-മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2026 - പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടൻറ് തസ്തികയിലെ അന്തിമ പട്ടിക പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. സ.ഉ (പി ) നം. 03/ 2017/ ഉ. ഭ .പ .വ തീയതി 25.02.2017

2. സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി : 10-04-2026

3.സർക്കുലർ നം. ഇ.എച്ച് 1- 31371/2025/ആ.വ.ഡ തീയതി 13.04.2026

4. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ

5. ഉത്തരവ് നം. ഇ.ബി4- 9484 /2026ആ.വ.ഡ തീയതി 03/6/2026

6.ഉത്തരവ് നം. ഇ.എച്ച് 1-31371/2025/ആ.വ.ഡ തീയതി 04.06.2026

7.ഉത്തരവ് നം. ഇ.ബി4- 9484 /2026/ ആ.വ.ഡ തീയതി 01/7/2026

8.ഡോ .ഇബ്രാഹിം .കെ.ടി 04/7/2026 തീയതിയിൽ സമർപ്പിച്ച ഹർജി

9.Interim Order dated 06/7/2026 in OA(EKM) No. 892/2026 of Hon'ble Kerala Administrative Tribunal,

**Ernakulam**

**10.Interim Order in OA(EKM) No. 878/ 2026 of Hon'ble Kerala Administrative Tribunal**

**11. Interim Order in OA(EKM) No. 891/ 2026 of Hon'ble Kerala Administrative Tribunal**

**ഉത്തരവ് നം: ഇ.ബി4- 9484 /2026/ആ.വ.ഡ തീയതി: 09-07-2026**

---

ആരോഗ്യവകുപ്പിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് മാരുടെ 2026 ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം 7 പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് സ്ഥലംമാറ്റ പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർക്ക് നിശ്ചിത പരിധിക്കുള്ളിൽ ഹർജി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. ഇബ്രാഹിം.കെ.ടി പരാമർശം 8 പ്രകാരം സമർപ്പിച്ച ഹർജിയിൽ ടിയാളെ നിലവിലെ സ്ഥാപനത്തിൽ നിലനിർത്തുകയോ ടിയാൾ ആവശ്യപ്പെട്ട സ്ഥാപനങ്ങളിലേക്ക് സ്ഥലംമാറ്റം നൽകുകയോ ചെയ്യണമെന്നാണ് പരാമർശിച്ചിരുന്നത്. എന്നാൽ ടിയാൾ ആവശ്യപ്പെട്ട സ്ഥാപനത്തിലേയ്ക്ക് കൂടുതൽ അർഹരായ മെഡിക്കൽ ഓഫീസർമാരെ പരിഗണിക്കേണ്ടതിനാലും പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരവും ടിയാളുടെ ആവശ്യം അംഗീകരിക്കുവാൻ നിർവാഹമില്ല. ആയത് നിരസിച്ചിരിക്കുന്നു.

2. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് മാരുടെ 2026 ലെ പൊതുസ്ഥലംമാറ്റ പട്ടിക ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| SL No | Name, Pen & Designation | Office transferred from | Office Transferred to |
|---|---|---|---|
| 1 | Dr.ManjuIqbal, 484374, Junior Consultant, Paediatrics | Taluk Head Quarters Hospital, Attingal, Thiruvanantha puram | Taluk Head Quarters Hospital Chirayinkeezh, Thiruvananthapuram |
| 2 | Dr.Suni C S, 495257, Junior Consultant, Paediatrics | District Hospital Thodupuzha,Idukki | Taluk Head Quarters Hospital,Attingal, Thiruvanantha puram |

i) പരാമർശം 7 പ്രകാരമുള്ള അന്തിമ പട്ടികയിലെ ക്രമ നം .3 ഡോ .പ്രവീൺ. കെ.എസ്, ക്രമ നം.25 ഡോ.ശില്പ ബേബി എന്നിവരെ യഥാക്രമം അവരുടെ നിലവിലെ സ്റ്റേഷൻ ആയ നേമം താലൂക്ക് ആശുപത്രി, താലൂക്കാസ്ഥാന ആശുപത്രി ഇരിഞ്ഞാലക്കുട എന്നീ സ്ഥാപനങ്ങളിൽ നിലനിർത്തി ഉത്തരവാകുന്നു.

ii) ക്രമ നം.9 ആയി ഉൾപ്പെടുത്തിയിട്ടുള്ള ഡോ.സ്മിത ആൻ സൂസൻ എന്നത് ഡോ.സ്മിത ആൻ സാം എന്നും ക്രമ നം.29 ആയി ഉൾപ്പെടുത്തിയിട്ടുള്ള ഡോ.ഇബ്രാഹിം.കെ.ടി യുടെ പെൻ 723565 എന്നും തിരുത്തി ഉത്തരവാകുന്നു.

3. പരാമർശം 9,10,11 പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ പരാമർശം 7 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റ പട്ടികയിലെ ക്രമ നം.20,26,30,31,32,34,36,37 എന്നിവർ ഒഴികെയുള്ള ജീവനക്കാരെ സ്ഥാപന മേധാവികളും /ജില്ലാ മെഡിക്കൽ ഓഫീസർമാരും പകരക്കാർ ജോലിയിൽ പ്രവേശിക്കുന്നത് കാത്ത്

നിൽക്കാതെ വിടുതൽ ചെയ്യേണ്ടതും വിടുതൽ /പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ഈ കാര്യാലയത്തിൽ നിന്നും തുടർ ഉത്തരവ് ലഭ്യമാക്കിയതിന് ശേഷം മാത്രം ക്രമ നം.**20,26,30,31,32,34,36,37** ആയി ഉൾപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്യാൻ പാടുള്ളു.

**4.** പരാമർശം **7** പ്രകാരമുള്ള **2026** ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് മാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അന്തിമ പട്ടിക മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**5.** ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Digitally signed by
Meenakshy V
Date: 09-07-2026
17:01:49
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ

പകർപ്പ്:-

**1.** എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

**2.** ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്

**3.**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

**4.** ഫയൽ/ കരുതൽ ഫയൽ